(എഫ്) പരാതി ലഭിച്ചിട്ടുണ്ട്.

(എച്ച്) പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണം ശരിയെന്ന് ബോധ്യം വന്നാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

(ഐ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോസ്റ്റൽ വകുപ്പിന്റെയും, നാഷണൽ സേവിംഗ്സ് ഓർഗനൈസേഷന്റേയും സഹകരണത്തോടെ ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽമേൽ നടപടിയെടുത്തുവരുന്നു. ആയതിനാൽ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

**29 (3355) വ്യാജമദ്യ ഉല്പാദനവും വിപണനവും തടയാൻ നടപടി**

ശ്രീ. ബാബുദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യദുരിതങ്ങൾ ഒഴിവാക്കുന്നതിനായി വ്യാജമദ്യത്തിന്റെ ഉല്പാദനവും വിപണനവും തടയുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ ഉപദേശകസമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്പെഷ്യൽ നർക്കോട്ടിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി)&(സി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എല്ലാ ജില്ലകളിലും എക്സൈസ്-എൻഫോഴ്സ്മെന്റ് ആന്റ് ആന്റി-നാർകോട്ടിക് സ്പെഷ്യൽ സ്കാഡ് നിലവിലുണ്ട്. പ്രസ്തുത സ്കാഡുകളിലെ ജീവനക്കാരുടെ എണ്ണം

| | | |
|---|---|---|
| സർക്കിൾ ഇൻസ്പെക്ടർ | - | 1 |
| എക്സൈസ് ഇൻസ്പെക്ടർ | - | 1 |
| പ്രിവന്റീവ് ഓഫീസർ | - | 3 |
| ഗാർഡ് | - | 8 |

എന്നീ ക്രമത്തിലാണ്.

**30 (3356) മോണിറ്ററിംഗ് കമ്മിറ്റികൾ**

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly